**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 541** **24-08-2022 - ൽ മറുപടിയ്ക്ക്**

**കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം സംബന്ധിച്ച് എസ്.പി.വി.(സ്പെഷ്യൽ പ്രോജക്റ്റ് വെഹിക്കിൾ) ആയ ഹൗസിംഗ് ബോർഡ്, സ്ട്രക്ച്ചറൽ ഡിസൈനും ഡ്രോയിംഗും പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം സംബന്ധിച്ച് എസ്. പി. വി. ആയ ഹൗസിംഗ് ബോർഡ് പുതുക്കിയ സ്ട്രക്ചറൽ ഡിസൈനും ഡ്രോയിംഗും പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബിയിൽ നാളിതുവരെ സമർപ്പിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി അനന്തമായി നീളുന്നതിന്റെ കാരണം വിശദീകരിക്കാമോ; കഴിഞ്ഞ അഞ്ച് വർഷമായി പദ്ധതി അനന്തമായി നീണ്ടുപോകുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എസ്.പി.വി. ആയ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും, അത് പരിശോധിച്ച് കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി-യ്ക്ക് കൈമാറുകയും ചെയ്തിരുന്നു. ഇതിനോടൊപ്പം പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിനായി ശിപാർശ ചെയ്ത കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ അവലോകനം കിഫ്ബിയിൽ നടത്തുകയും ഡിസൈൻ അപാകതകൾ പരിഹരിക്കുന്നതിനായി പ്രാഥമിക ഡിസൈൻ അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്കു നൽകുകയും ചെയ്തിരുന്നു.<br><br>കിഫ്ബി ഡിസൈൻ അവലോകന വിഭാഗം നിർദ്ദേശിച്ചിരുന്ന അപാകതകൾക്ക് മറുപടിയായി തിരുത്തിയ സ്ട്രക്ചറൽ ഡിസൈൻ റിപ്പോർട്ട് അനുബന്ധ ഡ്രോയിംഗുകൾ ഉൾപ്പെടെ എസ്.പി.വി. കിഫ്ബിയിൽ സമർപ്പിക്കുകയും, ആയത് പരിശോധനയിന്മേൽ തൃപ്തികരമല്ല എന്നു കാണുകയും ചെയ്തു. ആയതിനാൽ ഡിസൈൻ റിവ്യൂ നിർദ്ദേശങ്ങൾക്കും കിഫ്ബി നിർദ്ദേശിച്ചിട്ടുള്ള "ഗ്രിഹ" മാനദണ്ഡങ്ങൾക്കും അനുസൃതമായി സ്ട്രക്ചറൽ ഡിസൈനും അനുബന്ധ ഡ്രോയിംഗ്സും, പുതുക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെ കിഫ്ബിയിൽ സമർപ്പിക്കാൻ എസ്.പി.വി.യോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഹൗസിംഗ് ബോർഡ് 30/03/2022-ൽ ലഭ്യമാക്കിയ |

| | | | |
|---|---|---|---|
| | | | മറുപടിയിൽ ഇലക്ട്രോ മെക്കാനിക്കൽ ഘടകങ്ങളുടെ മറുപടിയും അനുബന്ധ വിവരങ്ങളും ലഭ്യമാക്കാത്തതിനാൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തി ഡിസൈൻ റിവ്യൂ പ്രക്രിയ അന്തിമമാക്കാൻ വേണ്ടി നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് കിഫ്ബി ഹൗസിംഗ് ബോർഡിനു 06/07/2022-നു നൽകിയിരുന്നു. എന്നാൽ പുതുക്കിയ സർവ്വീസ് ഡ്രോയിംഗുകളും സ്ട്രക്ച്ചറൽ ഡ്രോയിംഗുകളും അനാലിസിസ് മോഡലും സെപ്റ്റംബർ അവസാനത്തോടു കൂടി കിഫ്ബിയിൽ സമർപ്പിക്കും എന്ന മറുപടി ആണ് ഹൗസിംഗ് ബോർഡ് നിലവിൽ നൽകിയിട്ടുള്ളത്.<br><br>ഇതു കൂടാതെ ഗ്രിഹ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി ഗ്രീൻ കൺസൾട്ടന്റിനെ എം പാനൽ ചെയ്യാനുള്ള നടപടിയും കെ. എസ്. എച്ച്. ബി. സ്വീകരിച്ചു വരുന്നു.<br><br>ഹൗസിംഗ് ബോർഡ് പുതുക്കിയ സ്ട്രക്ച്ചറൽ ഡ്രോയിംഗും അനുബന്ധ വിവരങ്ങളും സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധനയിൽ കിഫ്ബി മാനദണ്ഡപ്രകാരം തൃപ്തികരമാണെങ്കിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |
| (സി) | എസ്.പി.വി(സ്പെഷ്യൽ പ്രോജക്ട് വെഹിക്കിൾ) ആയ ഹൗസിംഗ് ബോർഡ് തയ്യാറാക്കിയ ഏതൊക്കെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട് എന്നറിയിക്കാമോ; എത്രയെണ്ണത്തിന് ഇനി അംഗീകാരം നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ; | (സി) | ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് കിഫ്ബി ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>1.ഗവൺമെൻറ് താലൂക്ക് ആശുപത്രി, നീണ്ടകര – കൊല്ലം<br><br>2.ഗവൺമെൻറ് താലൂക്ക് ആശുപത്രി, തുറവൂർ - ആലപ്പുഴ<br><br>3.ഗവൺമെൻറ് താലൂക്ക് ആശുപത്രി, വൈക്കം – കോട്ടയം<br><br>4.ഗവൺമെൻറ് മഹാരാജാസ് താലൂക്ക് ആശുപത്രി, കരുവേലിപ്പടി - എറണാകുളം<br>5.ഗവൺമെൻറ് താലൂക്ക് ആശുപത്രി, കായംകുളം – ആലപ്പുഴ<br><br>6.മിനി സിവിൽ സ്റ്റേഷൻ വെള്ളരിക്കുണ്ട്<br><br>7.റവന്യൂ ടവർ, മട്ടന്നൂർ<br><br>കിഫ്ബി അംഗീകാരം നൽകാനുള്ള പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 1.ഗവൺമെൻറ് താലൂക്ക് ആശുപത്രി, കുറവിലങ്ങാട്, കോട്ടയം<br><br>2. വടകര റവന്യൂ ടവർ, കോഴിക്കോട്<br><br>3.പട്ടാമ്പി റവന്യൂ ടവർ, പാലക്കാട്<br><br>4.നിലമ്പൂർ റവന്യൂ ടവർ, മലപ്പുറം<br><br>ഈ പദ്ധതികളിൽ നിലമ്പൂർ റവന്യൂ ടവർ, മലപ്പുറം ഒഴികെയുള്ള പദ്ധതികൾക്ക് കിഫ്ബിയുടെ ഡിസൈൻ റിവ്യൂ നിർദ്ദേശങ്ങൾക്കും കിഫ്ബി നിർദ്ദേശിച്ചിട്ടുള്ള "ഗ്രിഹ" മാനദണ്ഡങ്ങൾക്കും അനുസൃതമായി സ്ട്രക്ചറൽ ഡിസൈനും അനുബന്ധ ഡ്രോയിംഗ്സും, പുതുക്കിയ എസ്റ്റിമേറ്റും ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഈ വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് കിഫ്ബി മാനദണ്ഡപ്രകാരം മറുപടി തൃപ്തികരമാണെങ്കിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.<br><br>റവന്യൂ ടവറുകളുടെ നിർമ്മാണം നിലവിൽ സർക്കാരിന്റെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാത്തതിനാൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ റവന്യൂ ടവറിന്റെ ഡി. പി. ആർ നിലവിൽ കിഫ്ബിയുടെ പരിഗണനയിൽ എടുത്തിട്ടില്ല. |
| (ഡി) | ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിന് ഇനിയുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ? | (ഡി) | ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് കിഫ്ബി ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>1.ഗവൺമെൻറ് താലൂക്ക് ആശുപത്രി, നീണ്ടകര – കൊല്ലം<br><br>2.ഗവൺമെൻറ് താലൂക്ക് ആശുപത്രി, തുറവൂർ - ആലപ്പുഴ<br><br>3.ഗവൺമെൻറ് താലൂക്ക് ആശുപത്രി, വൈക്കം – കോട്ടയം<br><br>4.ഗവൺമെൻറ് മഹാരാജാസ് താലൂക്ക് ആശുപത്രി, കരുവേലിപ്പടി - എറണാകുളം<br>5.ഗവൺമെൻറ് താലൂക്ക് ആശുപത്രി, കായംകുളം – ആലപ്പുഴ<br><br>6.മിനി സിവിൽ സ്റ്റേഷൻ വെള്ളരിക്കുണ്ട്<br><br>7.റവന്യൂ ടവർ, മട്ടന്നൂർ<br><br>കിഫ്ബി അംഗീകാരം നൽകാനുള്ള പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | 1.ഗവൺമെൻറ് താലൂക്ക് ആശുപത്രി, കുറവിലങ്ങാട്, കോട്ടയം<br><br>2. വടകര റവന്യൂ ടവർ, കോഴിക്കോട്<br><br>3.പട്ടാമ്പി റവന്യൂ ടവർ, പാലക്കാട്<br><br>4.നിലമ്പൂർ റവന്യൂ ടവർ, മലപ്പുറം<br><br>ഈ പദ്ധതികളിൽ നിലമ്പൂർ റവന്യൂ ടവർ, മലപ്പുറം ഒഴികെയുള്ള പദ്ധതികൾക്ക് കിഫ്ബിയുടെ ഡിസൈൻ റിവ്യൂ നിർദ്ദേശങ്ങൾക്കും കിഫ്ബി നിർദ്ദേശിച്ചിട്ടുള്ള “ഗ്രിഹ” മാനദണ്ഡങ്ങൾക്കും അനുസൃതമായി സ്ട്രക്ചറൽ ഡിസൈനും അനുബന്ധ ഡ്രോയിംഗ്സും, പുതുക്കിയ എസ്റ്റിമേറ്റും ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഈ വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് കിഫ്ബി മാനദണ്ഡപ്രകാരം മറുപടി തൃപ്തികരമാണെങ്കിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.<br><br>റവന്യൂ ടവറുകളുടെ നിർമ്മാണം നിലവിൽ സർക്കാരിന്റെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാത്തതിനാൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ റവന്യൂ ടവറിന്റെ ഡി. പി. ആർ നിലവിൽ കിഫ്ബിയുടെ പരിഗണനയിൽ എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**